പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 245

# 2025-ലെ കേരള പൊതുസ്ഥലം വിരൂപമാക്കുന്നത് തടയൽ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2025

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 245

# 2025-ലെ കേരള പൊതുസ്ഥലം വിരൂപമാക്കുന്നത് തടയൽ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

ബിൽ നമ്പർ 245

# 2025-ലെ കേരള പൊതുസ്ഥലം വിരൂപമാക്കുന്നത് തടയൽ ബിൽ

(ഡോ. എൻ. ജയരാജ്, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്ത് പൊതുസ്ഥലത്തിന്റേയോ വസ്തുവിന്റേയോ ദൃശ്യമായതും ശ്രദ്ധിക്കപ്പെടുന്നതുമായ സ്ഥാനങ്ങളിലും പൊതു വാഹനങ്ങളിലും അനധികൃതമായി പരസ്യങ്ങളോ, പോസ്റ്ററുകളോ, ബോർഡുകളോ പതിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുകയോ മറ്റേതെങ്കിലും വിധത്തിൽ വിരൂപമാക്കപ്പെടുകയോ ചെയ്യുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലേയോ വസ്തുവിലെയോ ദൃശ്യമായതും ശ്രദ്ധിക്കപ്പെടുന്നതുമായ സ്ഥാനങ്ങളിലും പൊതു വാഹനങ്ങളിലും അനധികൃതമായി പരസ്യങ്ങളോ, പോസ്റ്ററുകളോ, ബോർഡുകളോ പതിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നത് മൂലമോ മറ്റേതെങ്കിലും വിധത്തിൽ വിരൂപമാക്കപ്പെടുന്നത് തടയുന്നതിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിയാറാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2025-ലെ കേരള പൊതുസ്ഥലം വിരൂപമാക്കുന്നത് തടയൽ ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. <u>നിർവ്വചനങ്ങൾ</u>.—ഈ ആക്റ്റിൽ, സന്ദർഭം മറ്റു വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പൊതുസ്ഥലം" എന്നാൽ പൊതുജനം ഒത്തുചേരുന്നതോ സന്ദർശിക്കുന്നതോ സന്ദർശിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതോ ആയ ഇടമോ, സ്ഥലമോ, വഴിയോ, തെരുവോ, കെട്ടിടമോ അതുപോലെയുള്ള ഏതെങ്കിലും സ്ഥലമോ എന്നർത്ഥമാകുന്നു;

(ബി) "പരസ്യം" എന്നാൽ അച്ചടിച്ചതോ കയ്യെഴുത്തോ വരപ്പോ അല്ലെങ്കിൽ ഡിജിറ്റലോ മുഖേന ഏതെങ്കിലും വിവരമോ സന്ദേശമോ അറിയിപ്പോ നൽകുന്നതിന് ദൃശ്യവത്കരിക്കപ്പെട്ട ഏതെങ്കിലും നോട്ടീസ്, ലേബൽ, പരസ്യപത്രം, ചിത്രം എന്നർത്ഥമാകുന്നു;

(സി) "പോസ്റ്റർ" എന്നാൽ അച്ചടിച്ചതോ കയ്യെഴുത്തോ ഫോട്ടോസ്റ്റാറ്റ് പകർപ്പോ ചിത്രരചനയോ അവയ്ക്ക് സമാനമായതോ മുഖേന ഏതെങ്കിലും വിവരമോ സന്ദേശമോ അറിയിപ്പോ പ്രചരിപ്പിക്കുന്നത് ഉദ്ദേശിച്ചുകൊണ്ട് ഏതെങ്കിലും കെട്ടിടത്തിന്റെയോ അല്ലെങ്കിൽ സംരക്ഷണഭിത്തിയിലോ പതിച്ചിട്ടുള്ളതോ ഹോർഡിംഗിൽ പ്രദർശിപ്പിച്ചതോ ആയ പരസ്യംഎന്നർത്ഥമാകുന്നു;

(ഡി) ''വിരൂപമാക്കൽ'' എന്നാൽ ഏതെങ്കിലും പൊതുവസ്തുവിന്റെയോ സ്ഥലത്തിന്റെയോ കെട്ടിടത്തിന്റെയോ ബാഹ്യരൂപത്തെയോ ഭംഗിയേയോ ബാധിക്കുന്ന തരത്തിൽ എഴുത്തോ ചിത്രരചനയോ കടലാസ്, തുണി, പ്ലാസ്റ്റിക് എന്നിവയിലോ അല്ലാതെയോ ആലേഖനം ചെയ്യപ്പെട്ട രൂപത്തിൽ പതിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നത് എന്നർത്ഥമാകുന്നു;

(ഇ) "പൊതുവാഹനം" എന്നാൽ സർക്കാരിന്റെയോ പൊതു ഉടമസ്ഥതയിലുള്ളതോ ആയ വാഹനം എന്നർത്ഥമാകുന്നതും പൊതുഗതാഗതത്തിന് ഉപയുക്തമാകുന്ന ഏതൊരുവാഹനം ഉൾപ്പെടുന്നതുമാകുന്നു;

(എഫ്) "തദ്ദേശ സ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് (1994-ലെ 20) 4-ാം വകുപ്പ് പ്രകാരം രൂപീകരിച്ച മുനിസിപ്പാലിറ്റിയോ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പ് പ്രകാരം ഏതെങ്കിലും തലത്തിൽ രൂപീകരിച്ച പഞ്ചായത്തോ എന്നർത്ഥമാകുന്നു;

(ജി)"സർക്കാർ"എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എച്ച്) ''വിജ്ഞാപനം'' എന്നാൽ ഔദ്യോഗിക ഗസറ്റിലെ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(ഐ) "ഗസറ്റ്" എന്നാൽ സർക്കാർ ഗസറ്റ് എന്നർത്ഥമാകുന്നു;

(ജെ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു.

(കെ) "സംസ്ഥാനം" എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

3. അനധികൃതമായി പരസ്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള വിലക്ക്.—(1) സംസ്ഥാനത്ത് പൊതുജനം വന്നുചേരുന്നതോ ഉപയോഗിക്കുന്നതോ ആയ സ്ഥലം, വസ്തു, കെട്ടിടം എന്നിവയിൽ നിലവിലുള്ള നിബന്ധനകൾ പാലിക്കാതെയോ സ്ഥലത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയോ ജില്ലാകളക്ടറുടെയോ അനുമതി കൂടാതെ ഏതെങ്കിലും പരസ്യം പതിക്കുകയോ സ്ഥാപിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിൽ പ്രദർശിപ്പിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഏതെങ്കിലും പരസ്യ സ്ഥാപനത്തിന്മേൽ ആറു മാസത്തിൽ കുറയാതെയുള്ള തടവിനോ ഇരുപത്തി അയ്യായിരം രൂപയിൽ കവിയാത്ത തുകയ്ക്കുള്ള പിഴയ്ക്കോ ഇവ രണ്ടിനുമോ അർഹതപ്പെടുന്നതാണ്;

എന്നാൽ (1)-ാം ഉപവകുപ്പ് പ്രകാരമുള്ള യാതൊന്നും ഇനിപ്പറയുന്ന പരസ്യ സ്ഥാപനത്തിന്മേൽ ബാധകമായിരിക്കുകയില്ല, അതായത്:—

(i) ഏതെങ്കിലും തൊഴിലോ വ്യാപാരമോ കച്ചവടമോ നടത്തപ്പെടുന്ന കെട്ടിടത്തിൽ നിബന്ധനകൾക്കനുസൃതമായി അതുമായി ബന്ധപ്പെട്ട പരസ്യം സ്ഥാപിക്കുന്നതിന്;

(ii) ഏതെങ്കിലും തൊഴിലോ വ്യാപാരമോ കച്ചവടമോ നടത്തപ്പെടുന്ന കെട്ടിടത്തിൽ നിബന്ധനകൾക്കനുസൃതമായി അപ്രകാരമുള്ള സ്ഥലത്തിന്റെ അതിർത്തിക്കുള്ളിൽ സ്ഥാപിക്കുന്ന പരസ്യങ്ങൾക്ക്;

(iii) കേന്ദ്ര/സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, കെട്ടിടങ്ങൾ, വാഹനങ്ങൾ, സ്മാരകങ്ങൾ, പുരാവസ്തു കേന്ദ്രങ്ങൾ എന്നിവയിലോ അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള ഭരണാധികാര പ്രദേശത്തോ സ്ഥാപിക്കുന്നതിന്.

4. പൊതുനിരത്തുകളിലെ പരസ്യങ്ങൾക്കുള്ള വിലക്ക്.—(1) സംസ്ഥാനത്തെ പൊതു നിരത്തുകളിലെ മരങ്ങൾ ഉൾപ്പെടെയുള്ള ഏതെങ്കിലും സ്ഥാനങ്ങളിൽ ഏതെങ്കിലും പരസ്യങ്ങൾ പതിച്ചതുമൂലമോ പരസ്യ ബോർഡുകൾ, ബാനറുകൾ എന്നിവ സ്ഥാപിച്ച തുമൂലമോ വാഹനം ഓടിക്കുന്ന ആളിന്റെ നേർക്കാഴ്ചയ്ക്ക് വിഘാതമായി റോഡപകടം ഉണ്ടാകുന്നതിനിടയാകുന്നതായോ കാൽനടയാത്രക്കാരുടെ ശ്രദ്ധയ്ക്ക് കുറവുവരുന്നതിന് ഇടയാകുന്നതായോ ആയ യാതൊരു പരസ്യസ്ഥാപനവും അനുവദനീയമല്ല.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരസ്യസ്ഥാപനം കണ്ടെത്തുന്ന സംഗതിയിൽ ബന്ധപ്പെട്ടയാൾ ഒരു വർഷം വരെയാകാവുന്ന തടവോ അൻപതിനായിരം രൂപ പിഴയോ ഇവ രണ്ടിനുമോ അർഹമാകുന്ന ശിക്ഷയ്ക്ക് ബാധ്യസ്ഥനായിരിക്കും.

5. സർക്കാർ സ്ഥാപിത ബോർഡുകളിലെ പരസ്യസ്ഥാപനം.—(1) സംസ്ഥാനത്തെ പാതയോരങ്ങളിൽ സർക്കാർ സ്ഥാപിച്ചിട്ടുള്ള സൈനേജുകളിലോ ബോർഡുകളിലോ, കൽക്കുറ്റികളിലോ, നിയമപ്രകാരം സ്ഥാപിക്കേണ്ടതായ മറ്റേതെങ്കിലും ബോർഡുകളിലോ സ്വകാര്യ പരസ്യങ്ങൾ പതിക്കുന്നതും അപ്രകാരമുള്ളവ മറയത്തക്ക രീതിയിൽ പരസ്യ ങ്ങൾ പതിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതും ശിക്ഷാർഹമാകുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള പരസ്യ സ്ഥാപനത്തിന്മേൽ മൂന്ന് മാസത്തേയ്ക്കുള്ള തടവിനോ ഇരുപതിനായിരം രൂപയിൽ കവിയാത്ത പിഴയ്ക്കോ ഇവ രണ്ടും കൂടിയുള്ള ശിക്ഷയ്ക്കോ അർഹമാകുന്നതാണ്.

6. പൊതുവാഹനങ്ങളിന്മേലുള്ള പരസ്യസ്ഥാപനം.—സംസ്ഥാനത്തെ ഏതെങ്കിലും പൊതുവാഹനത്തിന്മേൽ അനധികൃതമായി പരസ്യ പോസ്റ്ററുകൾ പതിക്കുകയോ ബാനറുകൾ, ബോർഡുകൾ തുടങ്ങിയവ സ്ഥാപിക്കുകയോ ചെയ്യുന്നത് നിർണ്ണയിക്കപ്പെടുന്ന പ്രകാരം ശിക്ഷാർഹമാകുന്നതാണ്.

7. പൊതുഇടങ്ങളിലെ പരസ്യസ്ഥാപനത്തിനുള്ള നിബന്ധന.—സംസ്ഥാനത്തെ ഫുട്ട് ഓവർബ്രിഡ്ജുകൾ, അണ്ടർപാസ്സുകൾ, ബസ്ഷെൽറ്ററുകൾ, പാലങ്ങളുടെ തൂണുകളും കൈവരികളും തുടങ്ങി പൊതുജന സൗകര്യാർത്ഥം സ്ഥാപിച്ചിട്ടുള്ള നിർമ്മിതികൾ, പാർക്കുകൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ പരസ്യസ്ഥാപനം നിർണ്ണയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകൾക്കനുസൃതമായിരിക്കേണ്ടതാണ്.

8. വഴിയോരങ്ങളിലെ ആർച്ചുകൾ, അലങ്കാര പ്രവൃത്തികൾക്കുള്ള നിബന്ധന.— സംസ്ഥാനത്ത് നടത്തപ്പെടുന്ന വിവിധ ആഘോഷങ്ങൾ, പരിപാടികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപിക്കുന്ന ആർച്ചുകൾ, വൈദ്യുത ദീപാലങ്കാരം ഉൾപ്പെടെയുള്ള വഴിയോര അലങ്കാര പ്രവൃത്തികൾ തുടങ്ങിയവ നിലവിലെ നിയമങ്ങൾക്കനുസൃതമായി സ്ഥാപിക്കേണ്ടതും ബന്ധപ്പെട്ടവർ അത് ഉറപ്പ് വരുത്തേണ്ടതുമാണ്.

9. അനധികൃത പരസ്യസ്ഥാപനത്തിന് പ്രേരണ നൽകുന്നതിനുള്ള ശിക്ഷ.—ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങളിലെയോ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ഏതെങ്കിലും സഹായം നൽകുകയോ പ്രേരണനൽകുകയോ ഉപദേശം നൽകുകയോ ചെയ്യുന്ന ഏതൊരാളും ഈ ആക്റ്റ് പ്രകാരമോ നിലവിലുള്ള ബന്ധപ്പെട്ട ഏതെങ്കിലും നിയമ പ്രകാരമോ ശിക്ഷാർഹനായിത്തീരുന്നതാണ്.

10. തെളിയിക്കാനുള്ള ബാദ്ധ്യത.—ഈ ആക്റ്റിലെ വ്യവസ്ഥകൾ പ്രകാരമോ അതിൻകീഴിൽ ഉണ്ടാക്കുന്ന ചട്ടങ്ങൾ പ്രകാരമോ ശിക്ഷിക്കപ്പെടുന്നപക്ഷം അപ്രകാരമുള്ള കുറ്റസ്ഥാപനത്തിന്മേൽ ബന്ധപ്പെട്ട അധികാരിയിൽനിന്നും രേഖാമൂലമുള്ള അനുമതി ലഭിച്ചിട്ടുള്ളതാണെന്ന് തെളിയിക്കുന്നതിനുള്ള ബാദ്ധ്യത ആ വ്യക്തിക്കു തന്നെയായിരിക്കുന്നതാണ്.

11. കമ്പനികൾ, സ്ഥാപനങ്ങൾ, സംഘങ്ങൾ എന്നിവ ചെയ്യുന്ന കുറ്റങ്ങൾ.—(1) ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ സംഘം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ചെയ്യുമ്പോൾ, ആ കുറ്റകൃത്യം ചെയ്യുന്ന സമയത്ത് ആ കമ്പനിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ അല്ലെങ്കിൽ സംഘത്തിന്റെ ബിസിനസിന്റെ ചാർജ്ജിലും ഉത്തരവാദിത്വത്തിലും ഉണ്ടായിരുന്ന ഓരോ ആളും ആ കുറ്റം ചെയ്തതായി കരുതാവുന്നതും അപ്രകാരം നടപടി എടുത്ത് ശിക്ഷിക്കപ്പെടുന്നതിന് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ അങ്ങനെയുള്ള ഏതെങ്കിലും ആളെ, കുറ്റം ചെയ്തത് തന്റെ അറിവോടുകൂടിയല്ലെന്നും അഥവാ കുറ്റം ചെയ്യുന്നത് തടയാൻ താൻ വേണ്ടത്ര ശ്രമിച്ചിരുന്നുവെന്നും അയാൾ തെളിയിക്കുന്നപക്ഷം ഏതെങ്കിലും ശിക്ഷയ്ക്ക് വിധേയനാക്കാവുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരു കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ സംഘം ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റകൃത്യം ചെയ്യുമ്പോൾ ആ കുറ്റകൃത്യം കമ്പനിയുടെ അല്ലെങ്കിൽ സ്ഥാപനത്തിന്റെ അല്ലെങ്കിൽ സംഘത്തിന്റെ ഏതെങ്കിലും ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ എന്നിവരുടെ അറിവോടെയോ സമ്മതത്തോടെയോ അല്ലെങ്കിൽ അവരുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും അശ്രദ്ധമൂലമോ ഉണ്ടായിട്ടുള്ളതാണെന്ന് തെളിയിക്കപ്പെട്ടാൽ, അത്തരം ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റ് ഉദ്യോഗസ്ഥർ അത്തരം കുറ്റം ചെയ്തതായി കരുതാവുന്നതും, അയാൾക്ക് അല്ലെങ്കിൽ അവർക്ക് എതിരായി നടപടികൾ എടുക്കേണ്ടതും തദനുസൃതം ശിക്ഷിക്കപ്പെടേണ്ടതുമാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി,—

(എ) "കമ്പനി അല്ലെങ്കിൽ സ്ഥാപനം അല്ലെങ്കിൽ സംഘം" എന്നാൽ ഒരു ഫേം, സംഘം അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവ ഉൾപ്പെടെയുള്ള നികായങ്ങൾ എന്നർത്ഥമാകുന്നതും, കൂടാതെ

(ബി) "ഡയറക്ടർ" എന്നാൽ,

(i) ഫേമിനെ സംബന്ധിച്ചിടത്തോളം ആ ഫേമിലെ ഒരുപങ്കാളി;

(ii) ഒരു സംഘം അല്ലെങ്കിൽ ആളുകളുടെ മറ്റ് അസ്സോസിയേഷനുകൾ എന്നിവയുമായി ബന്ധപ്പെട്ട്, അതത് സംഗതിപോലെ, സംഘത്തിന്റെ അല്ലെങ്കിൽ മറ്റ് അസ്സോസിയേഷനുകളുടെ ചട്ടങ്ങളിൻകീഴിൽ ആ സംഘത്തിന്റെ അല്ലെങ്കിൽ അസ്സോസിയേഷന്റെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള ഒരു ആൾ എന്ന് അർത്ഥമാകുന്നതുമാകുന്നു.

12. ആക്റ്റ് മറ്റേതെങ്കിലും നിയമങ്ങൾക്ക് ഭംഗം വരുത്തുന്നതല്ലെന്ന്.—ഈ ആക്റ്റിലെ വ്യവസ്ഥകൾ തൽസമയം പ്രാബല്യത്തിലിരിക്കുന്ന മറ്റേതെങ്കിലും നിയമത്തിലെ വ്യവസ്ഥകൾക്ക് പുറമെയും അവയ്ക്ക് ഭംഗം വരുത്താതെയും ആയിരിക്കുന്നതാണ്.

13. ഈ ആക്റ്റിനു കീഴിലുള്ള കുറ്റം കൊഗ്നിസബിളും ജാമ്യം കൊടുക്കാവുന്നതും ആയിരിക്കുമെന്ന്.—1973-ലെ ക്രിമിനൽ നടപടി നിയമ സംഹിതയിൽ (1974-ലെ 2-ാം കേന്ദ്ര ആക്റ്റ്)/2023-ലെ ഭാരതീയ നാഗരിക് സുരക്ഷാ സംഹിതയിൽ (2023-ലെ 46-ാം കേന്ദ്ര ആക്റ്റ്) എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്റ്റിൻ കീഴിലുള്ള എല്ലാ കുറ്റങ്ങളും കൊഗ്നിസബിളും ജാമ്യം അനുവദിക്കത്തക്കതും ആയിരിക്കുന്നതാണ്.

14. കുറ്റങ്ങൾ രാജിയാക്കൽ.—(1) സർക്കാർ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിച്ച വിജ്ഞാപനം വഴി ഇതിലേയ്ക്കായി വിനിർദ്ദേശിക്കപ്പെട്ടിട്ടുള്ള അങ്ങനെയുള്ള ഉദ്യോഗസ്ഥരാലും അപ്രകാരമുള്ള തുകയ്ക്കും, ഈ ആക്റ്റ് പ്രകാരം ശിക്ഷാർഹമായ കുറ്റങ്ങൾ, കുറ്റാരോപിതന്റെ അപേക്ഷയിന്മേൽ പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പോ പ്രോസിക്യൂഷൻ ആരംഭിച്ചതിനുശേഷം ബന്ധപ്പെട്ട കോടതിയുടെ അനുമതിയോടുകൂടിയോ, രാജിയാക്കാവുന്നതാണ്.

(2) ഒരു കുറ്റം രാജിയായാൽ രാജിയായ കുറ്റവുമായി ബന്ധപ്പെട്ട് ആ കുറ്റക്കാരനെതിരെ വീണ്ടും നടപടികൾ തുടരാൻ പാടില്ലാത്തതും കുറ്റക്കാരൻ കസ്റ്റഡിയിൽ ആണെങ്കിൽ അയാളെയും വാഹനങ്ങൾ ഏതെങ്കിലും പിടിച്ചെടുത്തിരിക്കുകയാണെങ്കിൽ അവയെയും വിടുതൽ ചെയ്യേണ്ടതുമാണ്.

15. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ, ഉത്തമവിശ്വാസത്തോടെ ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമനടപടികളോ ആർക്കെതിരെയും നിലനിൽക്കുന്നതല്ല.

16. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ എന്തെങ്കിലും വൈഷമ്യങ്ങൾ ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ഉത്തരവിനാൽ, ആ വൈഷമ്യം നീക്കുന്നതിന്, ആവശ്യമെന്നോ യുക്തമെന്നോ അതിന് തോന്നുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ ഈ ആക്റ്റിന്റെ പ്രാരംഭ തീയതി മുതൽ രണ്ട് വർഷം അവസാനിച്ചതിനുശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

17. ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം.—(1) സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി, പിൽക്കാല പ്രാബല്യത്തോടെയോ മുൻകാല പ്രാബല്യത്തോടെയോ, ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും റെഗുലേഷനും അത് ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും, അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ, ആ സമ്മേളനമോ തൊട്ടടുത്തു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിലോ റെഗുലേഷനിലോ ഏതെങ്കിലും രൂപഭേദപ്പെടുത്തലുകൾ വരുത്തുകയോ, അല്ലെങ്കിൽ ആ ചട്ടം അല്ലെങ്കിൽ റെഗുലേഷൻ/ ചട്ടവും റെഗുലേഷനും ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്ന പക്ഷം ആ ചട്ടമോ റെഗുലേഷനോ, അതിനുശേഷം, അതതു സംഗതിപോലെ അപ്രകാരം രൂപ ഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും, അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ, റദ്ദാക്കലോ ആ ചട്ടം/റെഗുലേഷൻ പ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും നിരത്തുകളിലും വഴിയോരങ്ങളിലും സ്വകാര്യ പരസ്യങ്ങൾ സ്ഥാപിക്കുന്ന പ്രവണത വർദ്ധിച്ചുവരികയാണ്. പൊതു നിരത്തുകളിലും വഴിയോര നിർമ്മിതികളോട് ചേർന്നും പരസ്യങ്ങൾ സ്ഥാപിക്കുന്നത് വാഹനം നിയന്ത്രിക്കുന്നവരുടെ കാഴ്ച മറയ്ക്കുന്നതായിത്തീരുന്നതും അവരുടെയും കാൽനടയാത്രക്കാരുടെയും ശ്രദ്ധ കുറയ്ക്കുന്നതുമൂലവും അപകടങ്ങൾ ഉണ്ടാകുന്നതിനിടയാക്കുകയും ചെയ്യുന്നു. പൊതുസ്ഥാപനങ്ങളിലെയോ ഇടങ്ങളിലേയോ ബസ്ഷെൽട്ടറുകൾ, വിശ്രമകേന്ദ്രങ്ങൾ പോലെയുള്ള നിർമ്മിതികളിലോ നേരിട്ട് ദൃശ്യമാകുന്ന സ്ഥാനങ്ങളിൽ പരസ്യങ്ങൾ പതിക്കുകയോ സ്ഥാപിക്കുകയോ ചെയ്യുന്നതും കെട്ടിടാവിശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതും പൊതുസ്ഥലങ്ങൾ വൃത്തിഹീനമോ വിരൂപമോ

ആയിത്തീരുന്നതിന് ഇടയാകുന്നു. കൂടാതെ, പൊതുവാഹനങ്ങളിൽ നോട്ടീസുകൾ, പോസ്റ്ററുകൾ, ചിത്രങ്ങൾ തുടങ്ങിയവ പതിക്കുന്നതുമൂലം മറ്റ് വാഹനങ്ങളെ നിയന്ത്രിക്കുന്നവരുടെ ശ്രദ്ധ കുറയുന്നതിന് ഇടയാകുന്നു. ഇക്കാരണങ്ങളാൽ പൊതുസ്ഥലങ്ങളിലെ പരസ്യസ്ഥാപനം നിയന്ത്രിക്കേണ്ടതായുണ്ട്.

പൊതുസ്ഥലങ്ങളിൽ പരസ്യം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി നിയമങ്ങൾ, റോഡ് സുരക്ഷാ നിയമങ്ങൾ, ഡിസാസ്റ്റർ മാനേജ്മെന്റ് നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ, പോലീസ് നിയമങ്ങൾ തുടങ്ങി ഒട്ടനവധി നിയമങ്ങൾ ബാധകമാണ്. എന്നാൽ ഇത്തരം പ്രവൃത്തികൾ പൊതുഇടങ്ങളിൽ നിയന്ത്രിക്കുന്നതിന് മാത്രമായി നിയമം നിർമ്മിച്ച് കൊഗ്നിസബിൾ ഒഫെൻസ് എന്ന നിലയിൽ നടപടി സ്വീകരിക്കുന്നതും പിഴ തുക ഒടുക്കുന്നതിന് പുറമെ തടവ് ശിക്ഷ കൂടി ഉൾപ്പെടുത്തുന്നത് നിയമം ശക്തമാക്കുന്നതിന് ഇടയാകുന്നതാണ്. അത് ഉദ്ദേശിച്ചുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

(1) ബില്ലിലെ 7-ാം ഖണ്ഡം സംസ്ഥാനത്തെ ഫുട്ട് ഓവർ ബ്രിഡ്ജുകൾ, അണ്ടർപാസ്സുകൾ, ബസ് ഷെൽട്ടറുകൾ, പാർക്കുകൾ, വിശ്രമകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നിബന്ധനകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(2) ബില്ലിലെ 16-ാം ഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(3) ബില്ലിലെ 17-ാം ഖണ്ഡം (1)-ാം ഉപഖണ്ഡം ഗസറ്റ് വിജ്ഞാപനം വഴി ഈ ബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി മുൻകാല പ്രാബല്യത്തോടുകൂടിയോ പിൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

(4) ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നത്, അല്ലെങ്കിൽ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കാവുന്നത് അവയെല്ലാം നടപടിക്രമം സംബന്ധിച്ച കാര്യങ്ങളും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാകുന്നു. കൂടാതെ, അപ്രകാരം ഉണ്ടാക്കുന്ന ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

ഡോ. എൻ. ജയരാജ്.